**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3523** **26-10-2021 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ സർക്കാർ കോളേജ് ആരംഭിച്ചത് ഏത് വർഷമാണ്; ഏതൊക്കെ കോഴ്സുകളിലായി എത്ര കുട്ടികൾക്ക് ഇവിടെ പഠന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്; | (എ) | ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, അമ്പലപ്പുഴ 2010-ൽ പ്രവർത്തനം ആരംഭിച്ചു ബി.എ എക്കണോമിക്സ് (40 sanctioned strength), എം.എ എക്കണോമിക്സ് (20 sanctioned strength), ബി.കോം (40 sanctioned strength), എം കോം (20 sanctioned strength), ബി.എസ്സി മാത്തമാറ്റിക്സ്(25 sanctioned strength), എം.എ ഇംഗ്ലീഷ് (20 sanctioned strength) ആറ് കോഴ്സുകളിലായായി 165 വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനുള്ള പഠന സൗകര്യം ഏർപെടുത്തി യിട്ടുണ്ട് . (ആകെ വിദ്യാർത്ഥികൾ--435, ഡിഗ്രി -315, പിജി -120 ) |
| (ബി) | കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അനുവദിച്ച തുകയും അവയുടെ നിർമ്മാണ പുരോഗതിയും വ്യക്തമാക്കാമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാൻ ഉദ്ദേശിച്ച സ്റ്റേഡിയം നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ; | (സി) | സ്റ്റേഡിയം നിർമാണം ആരംഭിക്കണമെങ്കിൽ കായിക യുവജന ക്ഷേമ വകുപ്പ് ഡയറക്ടർ ഒന്നാം കക്ഷിയായും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ രണ്ടാം കക്ഷിയായും ധാരണാപത്രത്തിൽ (MOU) ഏർപ്പെടേണ്ടതുണ്ട്. എന്നാൽ കായിക യുവജനക്ഷേമ വകുപ്പ് തയ്യാറാക്കിയ ധാരണാപത്രത്തിലെ വ്യവസ്ഥകളിൽ ചില ന്യൂനതകളുള്ളതിനാൽ ആയത് പരിഹരിച്ച് പുതുക്കിയ ധാരണാപത്രം (MOU) തയ്യാറാക്കി നൽകുന്നതിന് കായിക യുവജനക്ഷേമ വകുപ്പിൽ കത്ത് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കായിക യുവജനക്ഷേമ വകുപ്പുമായി 20/07/2021ന് മീറ്റിങ് നടത്തുകയും ന്യൂനതകൾ കണ്ടെത്തിയ വ്യവസ്ഥകളിൽ രണ്ട് കക്ഷികൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള മാറ്റങ്ങൾ വരുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. മീറ്റിങ് തീരുമാന പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയ |

| | | | |
|---|---|---|---|
| | | | പുതുക്കിയ ധാരണാപത്രം തയ്യാറാക്കുന്നതിന് കായിക യുവജനക്ഷേമ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ ധാരണാപത്രം ലഭ്യമാക്കിയ ശേഷം കരാറിലേർപ്പെട്ട് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ സ്റ്റേഡിയം, നിർമ്മാണം ആരംഭിക്കാവുന്നതാണ്. |
| (ഡി) | സ്റ്റേഡിയം നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ഡി) | സ്റ്റേഡിയം നിർമാണം ആരംഭിക്കണമെങ്കിൽ കായിക യുവജന ക്ഷേമ വകുപ്പ് ഡയറക്ടർ ഒന്നാം കക്ഷിയായും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ രണ്ടാം കക്ഷിയായും ധാരണാപത്രത്തിൽ (MOU) ഏർപ്പെടേണ്ടതുണ്ട്. എന്നാൽ കായിക യുവജനക്ഷേമ വകുപ്പ് തയ്യാറാക്കിയ ധാരണാപത്രത്തിലെ വ്യവസ്ഥകളിൽ ചില ന്യൂനതകളുള്ളതിനാൽ ആയത് പരിഹരിച്ച് പുതുക്കിയ ധാരണാപത്രം (MOU) തയ്യാറാക്കി നൽകുന്നതിന് കായിക യുവജനക്ഷേമ വകുപ്പിൽ കത്ത് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കായിക യുവജനക്ഷേമ വകുപ്പുമായി 20/07/2021ന് മീറ്റിങ് നടത്തുകയും ന്യൂനതകൾ കണ്ടെത്തിയ വ്യവസ്ഥകളിൽ രണ്ട് കക്ഷികൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള മാറ്റങ്ങൾ വരുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. മീറ്റിങ് തീരുമാന പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയ പുതുക്കിയ ധാരണാപത്രം തയ്യാറാക്കുന്നതിന് കായിക യുവജനക്ഷേമ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ ധാരണാപത്രം ലഭ്യമാക്കിയ ശേഷം കരാറിലേർപ്പെട്ട് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ സ്റ്റേഡിയം, നിർമ്മാണം ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വർഷം | അടിസ്ഥാന ആവശ്യത്തിന് അനുവദിച്ച തുക | നിർമ്മാണ പുരോഗതി |
|---|---|---|
| 2016-17 | 6,00,000/- (4,00,000+2,00,000) | ക്ലാസ്സ് റൂമുകളിലേക്ക് ആവശ്യമായ ബെഞ്ച് ,ഡെസ്ക് , ലാബ് -ടേബിൾ, സ്റ്റീൽ അലമാര, എന്നിവ സിഡ്കോ -യിൽ നിന്നും വാങ്ങി, വിദ്യാർത്ഥികൾക്കായി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി. |
| 2017-18 | 15,00,000/- (13,00,000+2,00,000) | വിദ്യാർത്ഥിനികൾക്കായി അമിനിറ്റി സെന്റർ നിർമിച്ചു. വിദ്യാർത്ഥികൾക്കായി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി |
| 2018-19 | - | |
| 2019-20 | 64000/- | അമിനിറ്റി സെന്റർ ഇലെക്ട്രിഫിക്കേഷൻ നടത്തി വിദ്യാർത്ഥിനികൾക്കായി തുറന്ന് കൊടുത്തു . |
| 2020-21 | 87,60,000/- (Asset Maintenance Fund) | കോളേജിന്റെ റൂഫിങ്, പെയിന്റിംഗ്എന്നിവക്കായി അനുവദിച്ച ടി തുക പി.ഡബ്ല്യൂ.ഡി-യ്ക്കു ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട് . പി .ഡബ്ല്യൂ .ഡി-ഇൽ നിന്ന് ആയതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ